(ബി&സി) അന്തിമ പരിശോധന റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മാത്രമേ തുടർ നടപടികളെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

അന്യസംസ്ഥാന ലോട്ടറികൾ

124 (2602) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികൾക്കാണ് സംസ്ഥാനത്ത് വിൽപ്പനാനുമതി നൽകിയിട്ടുള്ളത് ;

(ബി) എത്ര അന്യസംസ്ഥാന ലോട്ടറികൾക്ക് ദിനംപ്രതിയും വീക്കിലിയായും ബമ്പറായും നറുക്കെടുപ്പ് നടത്താൻ അനുമതി നൽകിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ വിൽപ്പനയും നറുക്കെടുപ്പും നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഇവയുടെ നറുക്കെടുപ്പിലും വിൽപ്പനയിലും ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ KTPL നിയമപ്രകാരം സിക്കിം, ഭൂട്ടാൻ ലോട്ടറികൾക്ക് രജിസ്ട്രേഷൻ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു അന്യ സംസ്ഥാന ലോട്ടറിക്കും പുതിയതായി KTPL നിയമപ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടില്ല.

(ബി) ഭൂട്ടാൻ സർക്കാരിന്റെ 35 വീക്കിലി ലോട്ടറികളും, സിക്കിം സർക്കാരിന്റെ 28 വീക്കിലി ലോട്ടറികളും നടത്തുന്നതിനായി KTPL നിയമപ്രകാരം അഡ്വാൻസ് ടാക്സ് അടച്ചിരുന്നു. ഇപ്പോൾ നികുതി സ്വീകരിക്കുന്നില്ല.

(സി) ഇവയുടെ വിൽപ്പനയും മറ്റും നിരീക്ഷിക്കുന്നതിന് ഒരു സ്റ്റേറ്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള ആക്ട്, ചട്ടം എന്നിവയിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു.

(ഡി) ഉണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ വിജിലൻസ് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ലഭ്യമായ സന്ദർഭങ്ങളിലൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അഡ്വാൻസ് ടാക്സ് നിഷേധിച്ച് ഇവയെ നിയന്ത്രിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനും, നിരോധിക്കുന്നതിനുമുള്ള അധികാരം സമ്പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിഷിപ്തമാണെന്നും സംസ്ഥാന സർക്കാരിന് നിയമലംഘനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണെന്നും വിധിച്ചു

ഇതിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ സംബന്ധിച്ച് താഴെ പറയുന്ന കത്തുകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1. ബഹു. മുഖ്യമന്ത്രി 10-11-2006-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 15055/എച്ച് 1/06/നി.വ. പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം വിജിലൻസ് റിപ്പോർട്ട് സഹിതം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

2. 12-1-2007, 12-6-2007 എന്നീ തീയതികളിലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ബഹു. ധനകാര്യ വകുപ്പുമന്ത്രി അന്യസംസ്ഥാന ലോട്ടറികളുടെ നിയമ ലംഘനം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. ബഹു: മുഖ്യമന്ത്രി 1-1-2009-ലെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം വിജിലൻസ് റിപ്പോർട്ട് സഹിതം പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

4. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കൾ ഒന്നടങ്കം അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ കേന്ദ്ര ഗവൺമെന്റിന് 11-8-2009-ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു.

5. 18-9-2010-ലെ സർക്കാർ കത്ത് പ്രകാരം അന്യസംസ്ഥാന ലോട്ടറികളിലെ വില്പനയിലും,സമ്മാനവാഗ്ദാനങ്ങളിലുമുള്ള അഴിമതികൾസംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്.

1998-ൽ നിലവിൽ വന്ന കേന്ദ്ര ലോട്ടറി റെഗുലേഷൻ നിയമത്തിന് ചട്ടങ്ങൾ നിലവിൽവന്നത് 1-4-2010-ൽ മാത്രമാണ്. ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള വസ്തുതകൾ ഹാജരാക്കുവാൻ പ്രൊമോട്ടർമാരോട് നിഷ്കർഷിച്ചു കൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലും ചടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ലോട്ടറി വിഷയത്തെ സംബന്ധിച്ച് ശ്രീ. സിബി. മാത്യൂസ്, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെല്ലും സർക്കാർ രൂപീകരിച്ചു. ഈ മോണിറ്ററിംഗ് സെല്ലിൽ ലോട്ടറി സംബന്ധമായ അന്വേഷണത്തെപ്പറ്റിയുള്ള മേൽനോട്ടം വഹിക്കൽ, സംസ്ഥാനത്തിനകത്ത് കടത്തുന്ന ലോട്ടറി ടിക്കറ്റിന്റെ സംഭരണം, വിതരണം, വിൽപ്പന, എന്നിവ ലോട്ടറി റെഗുലേഷൻ ആക്ട്, റൂൾ, പേപ്പർ ലോട്ടറീസ് ആക്ട് നിയമം എന്നിവ പ്രകാരമാണെന്ന് ഉറപ്പാക്കുന്ന ചുമതലയാണ് നിക്ഷിപ്തമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly